# കേരള കാർഷികസർവകലാശാല

## പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം പിലിക്കോട്

കാസറഗോഡ്- 671310, rarspil@kau.in


**ബി3-3920/2024** **തീയതി: 22.10.2024**

## ദർഘാസ്/ലേല പരസ്യം

പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ 2024 ജൂൺ മാസത്തിലും ഒക്ടോബർ മാസത്തിലും വിളവെടുത്ത തേങ്ങകൾ ദർഘാസ്/ലേല വ്യവസ്ഥകൾക്ക് വിധേയമായി വിൽക്കപ്പെടുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| I st Quality (Lot No-1)<br>ചെറിയ തേങ്ങകൾ (Lot No-2) | 10,000 എണ്ണം<br>5,000 എണ്ണം |
| ദർഘാസ് പരസ്യ നമ്പർ | **ബി3-3920/2024** |
| ദർഘാസ് സ്വീകരിക്കുന്നതിനുള്ള അവസാന തീയ്യതി | 30.10.**2024 ഉച്ചയ്ക്ക് 3.00 മണി** |
| ദർഘാസ് തുറക്കുന്ന തീയതി | **30.10.2024 ഉച്ചയ്ക്ക് 3.30 മണി** |
| ദർഘാസ് സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽ വിലാസവും | **അസോസിയേറ്റ് ഡയറക്ടർ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്** |
| നിരത ദ്രവ്യം | **1500/- രൂപ** |

ഓരോ ലോട്ടിലേയും ഒരു തേങ്ങയുള്ള നിരക്ക് ദർഘാസിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. വിലക്കെടുക്കുന്ന തേങ്ങകൾ ലേലക്കാരന്റെ ചെലവിൽ കേന്ദ്രത്തിൽ വെച്ച് തന്നെ പൊതിച്ച് തൊണ്ട് (ചകിരി) കേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്. പൊതിച്ച തേങ്ങകൾ മാത്രമേ പുറത്തേക്ക് കൊണ്ടുപോകാൻ അനുവദിക്കുകയുള്ളൂ.

1. മുദ്രവെച്ച ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതി 30.**10.2024 ഉച്ചയ്ക്ക് 3 മണിവരെ** ആയിരിക്കും. ദർഘാസ് സ്വീകരിക്കുന്ന നിശ്ചിത സമയ കഴിഞ്ഞാൽ പരസ്യ ലേലം നടത്തുന്നതായിരിക്കും.
2. ഏറ്റവും കൂടിയ തുക വിളിക്കുന്നയാളിന്റെ പേരിൽ വില തൃപ്തികരമെന്ന് കണ്ടാൽ ലേലം ഉറപ്പിക്കുന്നതായിരിക്കും. ലേല തുകയുടെ മൂന്നിലൊരുഭാഗം ലേലം കൊണ്ട വ്യക്തി അന്നുതന്നെ ഓഫീസിൽ അടയ്ക്കേണ്ടതും ബാക്കി തുക 7 ദിവസത്തിനുള്ളിൽ അടച്ചു തീർക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം അടച്ച തുക സർവ്വകലാശാല ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതും, വില്പനയ്ക്കായി പുനർ ലേലം നടത്തുന്നതുമായിരിക്കും. പുനർ ലേലം നടത്തുന്നത് മൂലം സർവ്വകലാശാലയ്ക്ക് ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ നികത്താൻ ലേലക്കാരൻ ബാധ്യസ്ഥനാകുന്നതാണ്.
3. ലേലത്തിനു വെച്ച തേങ്ങകൾ പിലിക്കോട് കേന്ദ്രത്തിൽ വന്ന് പരിശോധിക്കാവുന്നതാണ്. തേങ്ങകൾ പൊതിക്കാനുള്ള സൗകര്യം കേന്ദ്രത്തിൽ ചെയ്തുകൊടുക്കുന്നതാണ്.
4. മൊത്തം തുക അടച്ച തീർത്ത തീയതി മുതൽ 7 ദിവസത്തിനുള്ളിൽ സ്വന്തം ചെലവിൽ തേങ്ങകൾ പൊതിച്ച് എടുത്ത് മാറ്റേണ്ടതാണ്.

5. ദർഘാസ് നീട്ടിവെക്കാനോ, റദ്ദ് ചെയ്യാനോ ഉള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. സർക്കാർ ദർഘാസിന്റെ പ്രസക്തമായ എല്ലാ നിയമങ്ങളും ഇതിനും ബാധകമാണ്.
6. ദർഘാസ് സ്വീകരിക്കുന്ന അവസാന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ:04672260632.

ഒപ്പ്/-
ഡോ.വനജ.ടി
അസോസിയേറ്റ് ഡയറക്ടർ

പകർപ്പ്:
1. ഡോ.നിഷ ലക്ഷ്മി.വി, അസിസ്റ്റന്റ് പ്രൊഫസർ i/c ഫാം.
2. ഫാം സൂപ്രണ്ട്
3. പഞ്ചായത്ത് ഓഫീസ് പിലിക്കോട്/ചെറുവത്തൂർ, നീലേശ്വരം മുനിസിപ്പാലിറ്റി
4. നോട്ടീസ് ബോർഡ്, ഓഫീസ്/ഫാം
5. വെബ്സൈറ്റ്/വാട്ട്സപ്പ് ഗ്രൂപ്പ്

// അംഗീകാരത്തോടെ//

സെക്ഷൻ ഓഫീസർ